**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **14-01-2021 - ൽ മറുപടിയ്ക്ക്**

**പമ്പാ -ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ ,<br>ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. അൻവർ സാദത്ത്** | | **Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | പമ്പാ -ത്രിവേണിയിൽ 2018-ലെ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ രണ്ടു വർഷത്തോളം നീക്കാതെ പൊടുന്നനെ ദുരന്തനിവാരണനിയമത്തിന്റെ പരിധിയിൽപ്പെടുത്തി ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ഒരു സ്വകാര്യകമ്പനിക്ക് കൈമാറാനുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ ഉത്തരവിൽ എന്തെങ്കിലും അന്വേഷണം വനം വകുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ, ദുരന്തനിവാരണ നിയമം സെക്ഷൻ 34 (d) പ്രകാരം പൊതുമേഖല സംരംഭമായ KCCPL (കേരള ക്ലെയ്സ് & സിറാമിക് പ്രോഡക്റ്റ് ലിമിറ്റഡ്) കണ്ണൂർ എന്ന സ്ഥാപനത്തിനാണ് പമ്പാ നദിയിലടിഞ്ഞുകൂടിയ "debris" നീക്കം ചെയ്യാൻ അനുവാദം നൽകിയത്. ദുരന്തനിവാരണ നിയമപ്രകാരം ജില്ലാ ഭരണത്തലവൻ പുറപ്പെടുവിച്ച ഉത്തരവായതിനാൽ ആയതിൽ വനം വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ, 30/05/2020 തീയതിയിൽ വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ദേശീയ ഹരിതട്രൈബ്യൂണൽ സ്വമേധയാ കേസെടുക്കുകയും ബഹു.ട്രൈബ്യൂണലിന്റെ 02/06/2020 തീയതിയിലെ ഉത്തരവിൽ ഒരു ജോയിന്റ് കമ്മിറ്റിയെ അന്വേഷണത്തിനായി നിയോഗിക്കുകയും, ടി കമ്മിറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പത്തനംതിട്ട ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവ് വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | No.C2/47/2020/F&WLD 02.06.2020 തീയതിയിലെ സർക്കാർ കത്ത് പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ ഉത്തരവിനെ സാധൂകരിക്കുകയും, ദുരന്ത നിവാരണത്തിനായി നദീ തടത്തിൽ നിന്നും നീക്കം ചെയ്യുന്ന 'മണലോ' 'ഡെബ്രിസോ' വനത്തിനുള്ളിൽത്തന്നെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിക്ഷേപിക്കണമെന്നും, വനത്തിനു പുറത്ത് കൊണ്ടു പോകണമെങ്കിൽ വന (സംരക്ഷണ) നിയമം, 1980 പ്രകാരമുള്ള അനുമതി ലഭ്യമാക്കിയ ശേഷമേ ആകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലം വനം വകുപ്പിന്റെ അധീനതയിലുള്ളതാണോ; ആണെങ്കിൽ വനം വകുപ്പിന്റെ അധീനതയിലുള്ള മണൽ വനം വകുപ്പിന്റെ | (സി) | മണൽ നീക്കം ചെയ്ത സ്ഥലം വനം വകുപ്പിന്റേതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമനായ ജില്ലാ കളക്ടർ ദുരന്ത നിവാരണ നിയമത്തിലെ |

| | | | |
|---|---|---|---|
| | അറിവില്ലാതെ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ഒരു സ്വകാര്യകമ്പനിക്ക് കൈമാറിയ നടപടി അഴിമതി നടത്താനുള്ള നീക്കമായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | | വ്യവസ്ഥകൾ അനുസരിച്ച് ദുരന്തങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി പമ്പ ത്രിവേണിയിൽ നിന്നും മണൽ നീക്കം ചെയ്ത് മറ്റൊരു സ്ഥലത്ത് നിക്ഷേപിച്ച നടപടി നിയമപരമായി നിലനിൽക്കുന്നതാണെന്ന് കാണുന്നു. പത്രവാർത്തകളിൽ അല്ലാതെ മറ്റ് ആക്ഷേപങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ